# ലോഗോസ് പഠനസഹായി 2023
# പൗലോസ് കോറിന്തോസിലെ സഭയ്ക്കെഴുതിയ രണ്ടാംലേഖനം

പൗലോസ് കോറിന്തോസിലെ സഭയ്ക്ക് വിവിധ കത്തുകൾ എഴുതിയിരുന്നതായി സൂചനകളുണ്ട് (1 കോറി 5,9; 2 കോറി 2,3.4). ഇതിനുശേഷം എഴുതിയ മൂന്നാമത്തേതോ നാലാമത്തേതോ ആണ്, അതല്ലെങ്കിൽ കത്തുകളുടെ സമാഹാരമാണ് കോറിന്തോസിലെ സഭയ്ക്കെഴുതിയതും ഇന്നു നമുക്കു ലഭിച്ചിട്ടുള്ളതുമായ രണ്ടാം ലേഖനം. കോറിന്തോസിലെ സഭയ്ക്കെഴുതിയ ഒന്നാംലേഖനം എ.ഡി. 54 –55-ലെ വസന്തകാലത്താണ് എഴുതിയതെങ്കിൽ അതിനുശേഷം ഒരുവർഷത്തിനിടയിൽ എഴുതിയതാകണം രണ്ടാമത്തെ ലേഖനം.

രണ്ടാമത്തെ ലേഖനത്തിന്റെ പശ്ചാത്തലം ഒന്നാമത്തേതിൽനിന്നു വ്യത്യസ്തമാണ്. വ്യാജപ്രവാചകരോ വ്യാജഅപ്പസ്തോലന്മാരോ (2 കോറി 2,5–8; 11,13) കോറിന്തോസുകാരെ തെറ്റിദ്ധരിപ്പിക്കുകയും (3,1–6) വഴിതെറ്റിക്കുകയും പൗലോസിന്റെ വ്യക്തിത്വത്തെയും അപ്പസ്തോലികാധികാരത്തെയും നിലപാടുകളെയും (1,19–22; 3,1–6) ചോദ്യം ചെയ്യുകയും ചെയ്തു (1,19–22; 3,1–6). അവർ മറ്റൊരു സുവിശേഷം പ്രസംഗിച്ചു. വാക്ചാതുര്യത്തിലും അറിവിലും മികവുള്ളവരായിരുന്നു അപ്പസ്തോലന്റെ എതിരാളികൾ (2,17). അവർ ആത്മപ്രശംസ നടത്തുകയും പൗലോസിനെ മറ്റുള്ളവരുമായി താരതമ്യപ്പെടുത്തുകയും ചെയ്തു (10,11.12). ഇതറിഞ്ഞ പൗലോസ് ഹ്രസ്വവും ശക്തവുമായ ഒരു സന്ദർശനം നടത്താൻ ആഗ്രഹിച്ചിരുന്നെങ്കിലും (2 കോറി 2,1.2) അതു സാധിക്കാതെ വന്നതിനാൽ, കഠിനഭാഷയിൽ ശാസനകളോടെ കത്തെഴുതി തീത്തോസിന്റെ കൈവശം ഏല്പിക്കുകയായിരുന്നു (2 കോറി 2,3.4). കത്തുകൊടുത്ത് മടങ്ങിവന്ന തീത്തോസ്, മക്കെദോനിയായിൽവച്ച് കോറിന്തോസുകാരുടെ മനംമാറ്റവും അപ്പസ്തോലനോടുള്ള ഭാവാത്മകമായ പ്രതികരണവും അദ്ദേഹത്തെ അറിയിച്ചു. തർക്കങ്ങളും എതിർപ്പുകളും അവസാനിച്ചെന്നും അവർ, തന്നെയും യഥാർഥ സുവിശേഷവും സ്വീകരിച്ചെന്നും അറിയുന്ന പൗലോസ് (2 കോറി 10–13) കോറിന്തോസുകാർക്ക് മക്കെദോനിയായിൽനിന്ന് എഴുതുന്നതാണ് ഈ കത്ത്. അപ്പസ്തോലന്റെ വിശ്വസ്തത, സുവിശേഷത്തോടും സഭാസമൂഹത്തോടുമുള്ള പ്രതിജ്ഞാബദ്ധത (1,12; 10,5; 11,7.23–29), മാതൃസഭയോടും പാവങ്ങളോടുമുള്ള ക്രൈസ്തവരുടെ പ്രതിജ്ഞാബദ്ധത (8–9), പൗലോസിന്റെ ജീവിതനൈർമല്യം, വ്യക്തിത്വത്തിന്റെ പക്വത, സുവിശേഷത്തിലധിഷ്ഠിതമായ ജീവിതനിലപാടുകൾ, മാതൃകകൾ (10–13) എന്നിവയെക്കുറിച്ചുള്ള പക്വവും ആത്മപ്രശംസാരൂപേണയുള്ളതുമായ വിവരണങ്ങളും (10–13) ഈ കത്തിന്റെ പ്രതിപാദനവിഷയങ്ങളാണ്. വൈകാരികത നിറഞ്ഞതും (6,11.12), വ്യക്തിപരവും (7,2) സ്നേഹനിർഭരവുമായ ഭാവങ്ങൾ ഈ ലേഖനത്തിൽ ഉടനീളം കാണാം.

ഗ്രീസിലെ ഒരു പ്രമുഖ തുറമുഖ പട്ടണമാണ് കോറിന്തോസ്. പൗലോസ് തന്റെ രണ്ടാമത്തെ പ്രേഷിതയാത്രയിൽ ആ പട്ടണം സന്ദർശിക്കുകയും ദൈവവചനം പ്രസംഗിച്ചുകൊണ്ട് 18 മാസം അവിടെ ചെലവഴിക്കുകയും ചെയ്തു (അപ്പ 18:7–11). കോറിന്തോസിലെ ക്രിസ്ത്യാനികളിൽ ഭൂരിഭാഗം സമൂഹത്തിലെ താഴേക്കിടയിൽപെട്ടവരിൽനിന്നും (1 കോറി 1:26–29), മറ്റുള്ളവർ യഹൂദരിൽനിന്നും മാനസാന്തരപ്പെട്ടവരായിരുന്നു (1 കോറി 1:10–16). അരൂപിയുടെ നിറവ്, അറിവിന്റെ തിളക്കം, വരങ്ങളുടെ മിഴിവ് തുടങ്ങിയ നിരവധി സിദ്ധികളുള്ള വിശ്വാസികൾ കോറിന്തോസ് സഭാസമൂഹത്തിലുണ്ടായിരുന്നു. എന്നാൽ ഇവരോടൊപ്പം സഭാസമൂഹത്തെ കാർന്നുതിന്നുന്ന നിരവധി തിന്മകളും കാലക്രമത്തിൽ കടന്നുകൂടി. ലൗകിക വിജ്ഞാനത്തിനുവേണ്ടിമാത്രമുള്ള അന്വേഷണം, അധികാരമോഹം, അസന്മാർഗികത തുടങ്ങിയവ ഇവയിൽ ചിലതാണ്.

കോറിന്തോസ് വിട്ടുപോയെങ്കിലും ആ സഭയുമായുള്ള ബന്ധം പൗലോസ് ഉപേക്ഷിച്ചില്ല. വ്യക്തികളിലൂടെയും, കത്തുകളിലൂടെയും കോറിന്തോസ് സഭയെക്കുറിച്ചുള്ള വാർത്തകൾ അദ്ദേഹത്തിനു ലഭിച്ചുകൊണ്ടിരുന്നു. ഇവയ്ക്കു മറുപടികൾ പൗലോസ് യഥാകാലം നല്കിയിരുന്നതായി കാണാം (1 കോറി 5:9–11). കോറിന്തോസുകാർക്കുള്ള രണ്ടു ലേഖനങ്ങളും പൗലോസ് തന്റെ മൂന്നാമത്തെ പ്രേഷി

തയാത്രയിൽ എഴുതിയതാണ് (ഏ.ഡി. 54-58). ഒന്നാം ലേഖനം എഫേസോസിൽ വച്ചും, രണ്ടാം ലേഖനം മക്കെദോനിയായിൽ (ഏ.ഡി. 58) വച്ചും രചിച്ചതാണ്.

അനുരഞ്ജനത്തിന്റെയും അനുനയത്തിന്റെയും ഭാഷയാണ് 2 കോറി 1-9 അധ്യായങ്ങളിൽ നാം കണ്ടത്. താൻ സ്നേഹിക്കുന്ന തന്റെ മക്കളെ വളർത്താനും സ്നേഹപൂർവം തിരുത്താനും ശ്രമിക്കുന്ന പിതാവിനെ ഇവിടെ നാം കാണുന്നു. ഭീഷണിയുടെയോ ആരോപണത്തിന്റെയോ സ്വരം അവിടെയില്ല-അധികാരത്തിന്റെ സ്നേഹപൂർവകമായ നിർബന്ധം ഉണ്ടെങ്കിൽത്തന്നെ. 10 മുതലുള്ള അധ്യായങ്ങളിൽ തികച്ചും വ്യത്യസ്തമായ ഒരു ശൈലി നാം കാണുകയാണ്. ആക്ഷേപഹാസ്യത്തിന്റെയും അർദ്ധോക്തികളുടെയും പ്രവാഹമാണിവിടെ. സ്നേഹത്തിന്റെ വാക്കുകൾക്കുപകരം ശകാരത്തിന്റെ സ്വരങ്ങളാണിവിടെ ഇടകലർന്നു വരുക. 1-9 അധ്യായങ്ങളും 10-13 അധ്യായങ്ങളും തമ്മിലുള്ള ഈ വ്യത്യാസത്തിനു പല കാരണങ്ങളും പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കാറുണ്ട്. ഇവ രണ്ടും രണ്ട് അവസരങ്ങളിൽ എഴുതിയതാകാനാണ് കൂടുതൽ സാധ്യത. 10-13 അധ്യായങ്ങൾ പൗലോസ് എഴുതിയ വേദനിപ്പിക്കുന്ന കത്തിന്റെ ഭാഗമാണ് എന്ന് ചിലർ സ്ഥാപിക്കുന്നുണ്ട്.

''ആത്മപ്രശംസയുടെ'' ഭാഷയ്ക്കാണ് ഇവിടെ മുൻതൂക്കം നല്കിയിരിക്കുന്നത്. ആത്മപ്രശംസ നടത്തുന്നവരെ നേരിടാൻ അതേശൈലി താൻ ഉപയോഗിക്കുന്നു എന്നു മാത്രമേയുള്ളു എന്ന് പൗലോസ് പ്രത്യേകം എടുത്തുപറയുന്നുണ്ട് (2 കോറി 10:12). പരസ്പരം അളക്കാനും തുലനം ചെയ്യാനും തത്രപ്പെടുന്ന വിഡ്ഢികളാണവർ എന്ന് പൗലോസിനറിയാം. അതിരുകടന്ന ആത്മപ്രശംസ വിഡ്ഢിത്തമാണെങ്കിലും ഒരു പരിധിവരെ ആത്മപ്രശംസ ആവശ്യമാണെന്ന ചിന്തയാണിവിടെ. ഇത് സ്വയാംഗീകാരത്തിന്റെയും സ്വന്തം  സ്ഥാനം സ്ഥാപിച്ചുറപ്പിക്കുന്നതിന്റെയും ഭാഗമാണ്. സ്വമനസാ അല്ല, ഇത്തരം ഒരു സാഹചര്യം സൃഷ്ടിക്കപ്പെട്ടതുകൊണ്ടു മാത്രമാണ് താനതിനു മുതിരുന്നത് എന്ന് പൗലോസ് എടുത്തു പറയുന്നു.

കോറിന്തോസുകാർക്കുള്ള രണ്ടാം ലേഖനത്തെ ഒറ്റലേഖനമെന്ന തരത്തിലാണ് നാം പരിഗണിക്കുന്നത്. ഒന്നാം ലേഖനത്തിനുശേഷം സംഭവിച്ചിരിക്കാനിടയുള്ള കാര്യങ്ങളെ സാമാന്യമായി താഴെപ്പറയുംവിധം ക്രോഡീകരിക്കാം. ഏ.ഡി. 55ലെ വേനൽക്കാലത്തോടെ പൗലോസ് എഫേസോസിൽനിന്ന് കോറിന്തോസിലെത്തുന്നു. ഈ സന്ദർശനകാര്യം മുൻകൂട്ടി എഴുതിയതിൻപ്രകാരമായിരുന്നു (1 കോറി 16:1-5). ഈ സന്ദർശനത്തിനുമുമ്പ്, താൻ രണ്ടു തവണ അവരെ സന്ദർശിക്കുമെന്ന് അപ്പസ്തോലൻ വാഗ്ദാനം ചെയ്തിരുന്നു: എഫേസോസിൽനിന്ന് മക്കദോനിയക്ക് പോകുന്ന വഴിക്കും മക്കദോനിയായിൽനിന്നുള്ള മടക്കയാത്രയിലും (2 കോറി 1:15-2:4). എന്നാൽ മുൻകൂട്ടി പറഞ്ഞിരുന്ന ആ രണ്ട് യാത്രാപരിപാടികളിൽ ആദ്യ സന്ദർശന സമയത്ത് അശുഭകരമായ ചില കാര്യങ്ങൾ സംഭവിക്കുന്നു (2 കോറി 2:1-9). മക്കദോനിയായിൽനിന്ന് മടങ്ങുന്ന വഴി കോറിന്തോസ് സന്ദർശിക്കാതെ എഫേസോസിലേക്ക് നേരിട്ട് പോകാൻ ആദ്യ സന്ദർശനത്തിലെ തിക്താനുഭവം ഇടയാക്കി എന്നു കരുതാവുന്നതാണ്. ഇതിനുശേഷം പൗലോസ് എഫേസോസിൽനിന്ന് വടക്ക് ത്രോവാസിലേക്കു പോകുന്നു. അവിടെവച്ച് കോറിന്തോസിൽനിന്ന് മടങ്ങിവരുന്ന തീത്തോസിനെ കണ്ടുമുട്ടാം എന്ന പ്രതീക്ഷയോടെയാണ് അദ്ദേഹം പോകുന്നത്. എന്നാൽ തീത്തോസിനെ അവിടെവച്ച് കാണാൻ കഴിയാതെ വന്നതിനാൽ മക്കദോനിയായിലേക്ക് വീണ്ടും എത്തിച്ചേരുകയും അവിടെ അദ്ദേഹത്തെ കണ്ടുമുട്ടുകയും കോറിന്തോസിലെ വിവരങ്ങൾ അറിയുകയും ചെയ്യുന്നു (2 കോറി 2:12-14; 7:14-16). കോറിന്തോസിലെ മാറിയ സാഹചര്യങ്ങളെ സംബന്ധിച്ച് തീത്തോസ് പൗലോസിനെ ധരിപ്പിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വളരെ ആശ്വാസത്തോടും സമാധാനത്തോടുംകൂടിയാണ് പൗലോസ് തന്റെ അടുത്ത ലേഖനം (2 കോറി 1:13) എഴുതുന്നത്.

കോറിന്തോസുകാർ തന്റെ താക്കീതുകൾ സ്വീകരിച്ചതിലും അവിടുത്തെ സ്ഥിതിഗതികൾ നിയന്ത്രണവിധേയമായതിലും ഉള്ള ആശ്വാസം വ്യക്തമാക്കുന്നതാണ് ലേഖനത്തിന്റെ ആദ്യഭാഗം (1:7). തുടർന്ന് ജറുസലേമിലെ സാധുക്കളായ സഹോദരർക്കുവേണ്ടിയുള്ള ധനസമാഹരണം സംബന്ധിച്ച കാര്യങ്ങൾ വിശദമായി ചർച്ചചെയ്യുന്നു. (8-9) ഒന്നാംലേഖനത്തിൽ ഇക്കാര്യം മുമ്പേ സൂചിപ്പിച്ചിരുന്നതാണ്. ലേഖനത്തിന്റെ അവസാനഭാഗത്ത് (10-13) ജറുസലേമിൽനിന്നുവന്ന വ്യജ അപ്പസ്തോലന്മാരായ ചില മിഷണറിമാരെ പരാമർശിച്ചു ചില കാർക്കശ്യ നിലപാടുകൾ വ്യക്തമാക്കുന്നു. തന്റെ

അപ്പസ്തോലസ്ഥാനത്തെയും സഭാശുശ്രൂഷകളെയും സാധൂകരിക്കാനും ഉറപ്പിക്കാനും ചില കാര്യങ്ങൾ (2 കോറി 14-7:4; 2 കോറി 10:13) വ്യക്തമായി അവതരിപ്പിക്കാനും പൗലോസ് ഈ ലേഖനത്തിൽ ഇടം കണ്ടെത്തുന്നു.

**ഘടന**

1. 1,1.2 അഭിവാദനം
2. 1,3-11 ദൈവസ്തുതി
3. 1,12-2,13 പൗലോസിന്റെ വിശ്വസനീയത
4. 2,14-7,4 പൗലോസിന്റെ അപ്പസ്തോലികസ്ഥാനം
5. 7,5-16 തീത്തോസിന്റെ തിരിച്ചുവരവ്
6. 8,1-9,15 ജറുസലേമിലെ പാവങ്ങൾക്കായുള്ള ധനശേഖരണം
7. 10,1-13,10 പൗലോസിന്റെ ന്യായവാദം
8. 13,11-13 അവസാന ഉപദേശം, അഭിവാദനം, ആശീർവാദം

## പഠനബൈബിളിലെ വ്യാഖ്യാനങ്ങൾ

**1,1: അപ്പസ്തോലനായ:** സുവിശേഷത്തിന്റെ സന്ദേശകനായി ക്രിസ്തു നിയോഗിച്ചവനും (അപ്പ 26,12-18) ക്രിസ്തുവിന്റെ ഉയിർപ്പിനു സാക്ഷിയുമായ (1 കോറി 9,1) പൗലോസ് ഈ ലേഖനത്തിലുടനീളം തന്റെ അപ്പസ്തോലികാധികാരം ദൈവഹിതപ്രകാരമാണെന്ന് (2 കോറി 1,21; 2,17) എടുത്തു പറയുന്നുണ്ട്. **തിമോത്തേയോസും:** പൗലോസിന്റെ വിശ്വസ്ത സഹചാരിയും (അപ്പ 16,1-3) കോറിന്തോസുകാർക്ക് സുപരിചിതനും (അപ്പ 18,5; 1 കോറി 4,17). 1 തിമോ 1,2. **ദൈവത്തിന്റെ സഭയ്ക്കും:** കോറിന്തോസിലെ വിശ്വാസിസമൂഹം. പൗലോസാണ് ഈ സഭ സ്ഥാപിച്ചത് (അപ്പ 18,1-11). **അക്കായിയാ:** ദക്ഷിണ ഗ്രീസിലെ ഈ റോമൻപ്രവിശ്യയുടെ തലസ്ഥാനമാണ് കോറിന്തോസ്.

**1,8: ഏഷ്യയിൽ:** എഫേസോസ് തലസ്ഥാനമായുള്ള പശ്ചിമ ഏഷ്യാമൈനറിലെ റോമൻപ്രവിശ്യ. ഇവിടെ പൗലോസ് അനുഭവിച്ച കഷ്ടതകളെക്കുറിച്ചുള്ള അറിവ് നമുക്ക് പരിമിതമാണ്. എഫേസോസിലെ ലഹളയായിരിക്കാം (അപ്പ 19,23-20,1) ഇവിടെ സൂചിപ്പിക്കുന്നതെന്ന് ചിലർ കരുതുന്നു.

**1,19: ഞാനും സിൽവാനോസും തിമോത്തേയോസും:** പൗലോസ് ആദ്യമായി കോറിന്തോസിലെത്തിയപ്പോൾ ഇവർ കൂടെയുണ്ടായിരുന്നു (അപ്പ 18,1-18). സിൽവാനോസ് 'സീലാസ്' എന്നും അറിയപ്പെട്ടിരുന്നു (അപ്പ 18,5). **എല്ലായ്പോഴും അതേതന്നെ:** ക്രിസ്തു തന്റെ സമർപ്പണത്തിൽ ചഞ്ചലചിത്തനായിരുന്നില്ല എന്നതുപോലെതന്നെയായിരുന്നു പൗലോസും. അദ്ദേഹം പ്രസംഗിച്ച സുവിശേഷത്തിൽ വാക്കും പ്രവൃത്തിയും തമ്മിൽ വ്യത്യാസമുണ്ടായിരുന്നില്ല.

**1,22: മുദ്രപതിക്കുകയും:** ദൈവം ഒരു വ്യക്തിയെ സ്വന്തമാക്കുന്നതിന്റെ ആന്തരിക അടയാളം. പുരാതനകാലങ്ങളിൽ രാജകീയ സന്ദേശങ്ങൾ മെഴുകിൽ മുദ്രവച്ച് ആധികാരികമാക്കിയിരുന്നു (1 രാജാ 21,8; ദാനി 6,17). **അച്ചാരം:** വാണിജ്യ ഇടപാടുകളിൽ നല്കുന്ന ആദ്യത്തെ ഗഡു ('അറാബോൺ') ആണിത്. ആത്മാവിന്റെ 'ആദ്യഫല'ത്തിൽ (റോമാ 8,23) പങ്കുചേരുന്ന വിശ്വാസികൾ സ്വർഗത്തിൽ ദൈവികജീവന്റെ പൂർണ അവകാശത്തിനായി കാത്തിരിക്കുന്നു (2 കോറി 5,5; എഫേ 1,14). വാണിജ്യഭാഷ ഉപയോഗിച്ച്, ജ്ഞാനസ്നാനത്തിന്റെ ഫലങ്ങൾ (എഫേ 1,13.14) ഇവിടെ പ്രകടിപ്പിക്കുന്നു. വിശ്വാസികളെ ക്രിസ്തുവിന്റേതാക്കി മാറ്റുകയും (1 കോറി 3,23) ആത്മാവിനെ ഭാവിസാക്ഷാത്കാരത്തിന്റെ വാഗ്ദാനമായി (5,5) നല്കുകയും ചെയ്യുന്ന കൂദാശയാണ് ജ്ഞാനസ്നാനം. ***പൗലോസ് അപ്പസ്തോലന്റെ പരിശുദ്ധാത്മദാന വീക്ഷണം (റോമാ 8,23)***

**1,24: ഉറച്ചുനില്ക്കുന്നതുകൊണ്ട്:** 'ഹിസ്റ്റേമി' (നില്ക്കുക) എന്ന പദം പൗലോസ് സാധാരണമായി യുഗാന്ത പശ്ചാത്തലത്തിൽ ദൈവസന്നിധിയിൽ അന്ത്യവിധിക്കായി നില്ക്കുന്നതു സൂചിപ്പിക്കാനാണ് ഉപയോഗിക്കുന്നത് (റോമാ 11,20; 1 കോറി 10,12). കോറിന്തോസുകാർ ദൈവസന്നിധിയിൽ കണക്കു ബോധിപ്പിക്കേണ്ടിവരും (2 കോറി 1,14.21.22) എന്നാണ് ഇവിടെ ധ്വനി.

**2,1: ദുഃഖമുളവാക്കിക്കൊണ്ട്:** 'എൻ ലൂപേ' ('ദുഃഖത്തിൽ') എന്ന പ്രയോഗം ഇവിടെ കോറിന്തോസുകാരുടെ ദുഃഖമോ (2,2) പൗലോസിന്റെ ദുഃഖമോ (2,4) സൂചിപ്പിക്കാം. **അടുത്തുവരരുത് ...:** പൗലോസിന്റെ കോറിന്തോസിലെ രണ്ടാമത്തെ സന്ദർശനമായിരിക്കാം ഇവിടെ ഉദ്ദേശിക്കുന്നത്. മൂന്നാം പ്രാവശ്യം വരുന്നതിനെക്കുറിച്ച് പിന്നീട് പറയുന്നുണ്ട് (12,14; 13,1).

**2,6: ഈ ശിക്ഷ:** 'എപ്പിതിമീയ' എന്ന ഗ്രീക്കുപദം ശാസനമുതൽ സഭയിൽനിന്നു പുറത്താക്കുന്നതുവരെയുള്ള ഏതു ശിക്ഷയും അർഥമാക്കാം.

**2,7: ഗ്രസിക്കപ്പെടാതിരിക്കേണ്ടതിന്:** 'വിഴുങ്ങിക്കളയുക' എന്നർഥമുള്ള ഈ പ്രയോഗം 5,4-ലും 1 കോറി 15,54-ലും ഉണ്ട്. പൈശാചിക പ്രവർത്തനങ്ങൾ വിവരിക്കുമ്പോഴാണ് ഈ പദമുപയോഗിക്കുന്നത് (cf. 1 പത്രോ 5,8). 2,11-ലെ സാത്താനെക്കുറിച്ചുള്ള സൂചന ശ്രദ്ധിക്കുക. സഭയിലെ തിരുത്തലുകൾ സാത്താൻ നിരാശയ്ക്കു കാരണമാക്കി മാറ്റാം എന്നതിനാൽ, പാപികൾക്കുള്ള ശിക്ഷ കഠിനമോ നീണ്ടുനില്ക്കുന്നതോ ആകരുത്. പിശാചിന്റെ തന്ത്രങ്ങളെക്കുറിച്ച് പൗലോസ് ഈ കത്തിലാണ് കൂടുതൽ പരാമർശിക്കുന്നത് (4,4; 6,15; 11,3.14; 12,7). **ക്ഷമിക്കുകയും:**'ഖാരിറ്റ്സോമയ്' എന്ന പദത്തിന് 'സൗജന്യമായി നല്കുക', 'ക്ഷമിക്കുക' എന്നെല്ലാം അർഥമുണ്ട്. മനുഷ്യരുടെയിടയിലെ തകർന്ന ബന്ധങ്ങൾ വീണ്ടെടുക്കുകയാണ് ഇതിന്റെ ലക്ഷ്യം. മനുഷ്യന് അർഹതയില്ലാതിരുന്നിട്ടും ദൈവം നല്കുന്ന കൃപയാണ് ക്ഷമിക്കുന്നതിന്റെ അടിസ്ഥാനം. ക്ഷമിക്കുന്നതുവഴി സമൂഹത്തിൽ ബന്ധങ്ങൾ വീണ്ടെടുക്കപ്പെടുന്നു. പൗലോസിന്റെ അവിതർക്കിതലേഖനങ്ങളിൽ 'പാപങ്ങൾ ക്ഷമിക്കുക' എന്ന പ്രയോഗമില്ല (എഫേ 1,7; കൊളോ 1,14). ദൈവവുമായുള്ള ബന്ധം പുനഃസ്ഥാപിക്കുന്നതു സൂചിപ്പിക്കാൻ 'നീതിമത്കരിക്കുക' (റോമാ 5,6-9), 'രമ്യതപ്പെടുക' (2 കോറി 5,19.20) എന്നീ പദങ്ങളാണ് പൗലോസ് ഉപയോഗിക്കുന്നത്. **ആശ്വസിപ്പിക്കുകയും:** സമാശ്വാസത്തിന്റെ ദൈവത്തെ (1,3) ഇവിടെ അനുകരിക്കുന്നു. നാം സ്വീകരിച്ച സ്നേഹവും ആശ്വാസവും (റോമാ 15,7) മറ്റുള്ളവർക്കു പകർന്നു നല്കണമെന്നതാണ് അപ്പസ്തോലന്റെ ഉപദേശം.

**2,12: ത്രോവാസിൽ:** ഏഷ്യാമൈനറിന്റെ വടക്കുപടിഞ്ഞാറുഭാഗത്തുള്ള തുറമുഖനഗരം. **വാതിൽ തുറക്കപ്പെട്ടു:** പുതിയ പ്രേഷിതരംഗം ദൈവം തുറന്നുതന്നു എന്നതാണ് ഈ കർമണിപ്രയോഗത്തിന്റെ അർഥം.

**2,13: തീത്തോസിനെ:** പൗലോസിന്റെ വിശ്വസ്തനായ സഹചാരി. ഗ്രീക്കുകാരനായ തീത്തോസിന് പിന്നീട് ഒരു ലേഖനംതന്നെ പൗലോസ് എഴുതുന്നുണ്ട്. കണ്ണുനീരിന്റെ കത്തുമായി കോറിന്തോസിലേക്ക് അയച്ചതും അവിടെയുള്ള സഭയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയോഗിച്ചതും അദ്ദേഹത്തെയാണ്. സന്തോഷകരമായ വാർത്തയാണ് തീത്തോസ് കൊണ്ടുവന്നത് (7,5-16). **ഒരു സ്വസ്ഥതയുമുണ്ടായിരുന്നില്ല:** തന്റെ വിശദീകരണം 7,5-ൽ വീണ്ടും തുടരുന്നതുവരെ കോറിന്തോസുകാർ തന്റെ കത്തിനോട് എങ്ങനെ പ്രതികരിക്കുമെന്ന ഉത്കണ്ഠ അപ്പസ്തോലൻ വെളിപ്പെടുത്തുന്നില്ല. ശുഭവാർത്തയുമായി തീത്തോസ് വന്നെത്തുന്നതിനുമുൻപ് (7,6.7) ഈ കത്തെഴുതിയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. **മക്കെദോനിയായിലേക്ക്:** ഉത്തരഗ്രീസിലെ ഒരു റോമൻ പ്രവിശ്യ.

**2,14: വിജയാഘോഷത്തിൽ നടത്തുക:** 'ത്രിയാമ്പെവുവോ' എന്ന ഗ്രീക്കുപദത്തിനർഥം 'വിജയാഘോഷത്തിൽ നടത്തുക' എന്നതാണ്. പുതിയനിയമത്തിൽ രണ്ടു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്ന ആ പദത്തിന്റെ പശ്ചാത്തലം റോമൻസൈന്യം വിജയകരമായ പടയോട്ടത്തിനുശേഷം യുദ്ധത്തടവുകാരെ നഗരവീഥികളിലൂടെ കൊണ്ടുപോകുന്നതാണ്. യുദ്ധത്തിൽ കവർന്നെടുത്തവ ഈ പരേഡിൽ പ്രദർശിപ്പിക്കുകയും തടവു

കാരെ അപമാനിച്ച് നടത്തുകയും അവരെ ചിലപ്പോൾ ഈ ഘോഷയാത്രയുടെ അവസാനം വധിക്കുകയും ചെയ്തിരുന്നു. വിജയം നല്കിയ ജൂപ്പിറ്റർദേവനെയും യുദ്ധം നയിച്ച സൈന്യാധിപന്മാരെയും ആദരിക്കുന്ന തിനുള്ള ആഘോഷങ്ങളായിരുന്നു റോമാക്കാർക്ക് ഇതെല്ലാം. പൗലോസ് വിജയാഘോഷത്തിന്റെ ഈ പ്രതീകം രണ്ടുവിധത്തിൽ ഉപയോഗിക്കുന്നുണ്ട്. പൈശാചികശക്തികളെ ക്രിസ്തു നിരായുധരാക്കുകയും അവഹേള നാപാത്രങ്ങളാക്കുകയും ചെയ്യുന്നതാണ് കൊളോ 2,15-ൽ കാണുന്നത്. 2 കോറി 2,14-ൽ ഈ പ്രതീകത്തിന്റെ വ്യാഖ്യാനം എളുപ്പമല്ല. ഇവിടെ ശത്രുക്കളല്ല അപ്പസ്തോലന്മാരാണ് വിജയാഘോഷത്തിൽ നയിക്കപ്പെടുന്ന ത്. പൗലോസ് ഇവിടെ അപ്പസ്തോലന്മാരെ, അവിശ്വാസികൾക്കിടയിലൂടെ ആനയിക്കപ്പെടുകയും കൊല്ല പ്പെടുകയും ചെയ്യുന്ന ക്രിസ്തുവിന്റെ തടവുകാരായോ ലോകത്തിലെ പാപത്തിന്റെയും തിന്മയുടെയുംമേ ലുള്ള ക്രിസ്തുവിന്റെ വിജയാഘോഷത്തിൽ പങ്കുചേരുന്ന പടയാളികളായോ ചിത്രീകരിക്കുന്നതാകാം.

**2,15: രക്ഷിക്കപ്പെടുന്നവരുടെ ...:** പൗലോസിന്റെ പ്രഘോഷണം സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യു ന്നതാണ് രക്ഷയുടെ മാനദണ്ഡം. പൗലോസിന്റെ കാഴ്ചപ്പാടിൽ, ഇതു കൂടാതെ മൂന്നാമതൊരു മാർഗമില്ലെ ന്നതും ശ്രദ്ധേയമാണ്.

## ക്രിസ്തുവിന്റെ പരിമളം

ലോകംമുഴുവൻ തന്റെ ശുശ്രൂഷവഴി സുവിശേഷം സൗരഭ്യം പോലെ വ്യാപിക്കുന്നതിൽ പൗലോസ് സന്തോ ഷിക്കുന്നു. 'സൗരഭ്യം' ('ഓസ്മേ'), 'പരിമളം' ('എവുവോദിയ') തുടങ്ങിയ പദങ്ങൾ പഴയനിയമത്തിൽ കർത്താ വിന് അർപ്പിക്കപ്പെടുന്ന ബലിയുടെ പരിമളവുമായി ബന്ധപ്പെട്ടതാണ് (ഉത്പ 8,21; പുറ 29,18; ലേവ്യ 1,9; സംഖ്യ 15,3). പ്രഭാ 24,15-ൽ മോശയുടെ നിയമത്തിൽ അടങ്ങിയിരിക്കുന്ന കർത്താവിന്റെ ജ്ഞാനം ഇസ്രാ യേൽ മുഴുവൻ വ്യാപിക്കുന്നത് ചിത്രീകരിക്കുന്നു. പൗലോസ് ഈ സൂചനകൾ പുതിയ ഉടമ്പടിയുടെ വെളിച്ചത്തിൽ വ്യാഖ്യാനിച്ച്, സുവിശേഷത്തിന്റെ ശുശ്രൂഷകർ തങ്ങളെത്തന്നെ ദൈവത്തിന് ജീവിക്കുന്ന ബലിയായി അർപ്പിച്ച് (റോമാ 12,1) സുവിശേഷത്തിന്റെ ജ്ഞാനം ലോകംമുഴുവൻ വ്യാപിപ്പിക്കുന്നതായി (കൊളോ 1,23) അവതരിപ്പിക്കുന്നു.

**4,2: ലജ്ജാകരങ്ങളായ രഹസ്യനടപടികൾ:** വ്യാജപ്രവാചകരുടെ തന്ത്രങ്ങളെക്കുറിച്ചുള്ള സൂചനയാകാമിത്. പൗലോസ് സൂത്രത്തിൽ (12,16) കാര്യങ്ങൾ ചെയ്യുകയായിരുന്നുവെന്ന ആരോപണങ്ങൾക്കെതിരേ, തന്റെ പ്രഘോഷണത്തിന്റെ സത്യസന്ധതയുടെ തെളിവ് കോറിന്തോസുകാരുടെ മനഃസാക്ഷിതന്നെയാണെന്ന് അപ്പ സ്തോലൻ പറയുന്നു. **മനഃസാക്ഷിക്ക്:** 'സുനെയ്ദേസിസ്' എന്ന ഗ്രീക്കുപദം ജീവിതത്തിൽ ചെയ്യേണ്ടതെ ന്തെന്ന് തീരുമാനമെടുക്കുന്ന മാനുഷിക സിദ്ധിയാണ് അർഥമാക്കുന്നത്.

**5,20: സ്ഥാനപതികൾ:** 'പ്രെസ്ബെവുവോ' എന്ന ഗ്രീക്കുപദം 'പ്രഥമസ്ഥാനം അലങ്കരിക്കുക', 'ഏറ്റവും മുതിർന്ന വനായിരിക്കുക', 'ഉന്നതമായ സ്ഥാനംനല്കുക' എന്നെല്ലാമാണ് അർഥമാക്കുന്നത്. ഇതിൽനിന്നാണ് 'പ്രെസ്ബുതെറോസ്' (ശ്രേഷ്ഠൻ) എന്ന പദത്തിന്റെ ഉദ്ഭവം. 'അയയ്ക്കപ്പെടുക', 'സന്ദേശം കൈമാറുക', 'ഉഭയചർച്ച നടത്തുക' എന്നീ സവിശേഷ അർഥങ്ങളും പൗരാണികഗ്രീക്കുരചനകളിൽ 'പ്രെസ്ബെവുവോ' എന്ന പദത്തിനു കാണാം. ഒരു രാജ്യത്തിന്റെ ഔദ്യോഗിക വക്താക്കളായി മറ്റൊരു രാജ്യത്തേക്ക് അയയ്ക്ക പ്പെടുന്നവരെ വിളിക്കാൻ ഈ പദമാണ് ഉപയോഗിച്ചിരുന്നത്. ഗ്രീക്കു-റോമൻ സമൂഹങ്ങളിൽ ഇപ്രകാരം അയയ്ക്കപ്പെടുന്നവർ അവരെ അയയ്ക്കുന്നവരുടെ നിർദേശമനുസരിച്ചുമാത്രമാണ് വർത്തിക്കേണ്ടിയിരുന്ന ത്. അക്കാലത്തെ മതഗ്രന്ഥങ്ങളിൽ ദൈവത്തിന്റെ സന്ദേശവാഹകരെ വിളിച്ചിരുന്നതും ഈ പേരിലാണ്. ഈ അർഥമാണ് 2 കോറി 5,20-ൽ 'സ്ഥാനപതി'ക്കുള്ളത്. പൗലോസ് അപ്പസ്തോലൻ സ്ഥാനപതിയെന്ന നിലയിൽ, തന്റെ പ്രഘോഷണം ഔദ്യോഗികമായ സന്ദേശം കൈമാറലായി മനസ്സിലാക്കുന്നു. രക്ഷയുടെ സന്ദേശം കൈമാറുകയെന്നത് ദൗത്യനിർവഹണത്തിന്റെ അടിസ്ഥാനമാണ്. സന്ദേശകന്റെ അധരങ്ങളിലൂടെ ക്രിസ്തുതന്നെ സംസാരിക്കുന്നു എന്നതാണ് പ്രഘോഷണത്തിന്റെ ആധികാരികത. യേശുക്രിസ്തുവിന്റെ വക്താക്കളായ ക്രൈസ്തവർ രാജകീയ-പൗരോഹിത്യ-പ്രവാചക അധികാരം ലോകത്തിൽ സംവഹിക്കുന്ന

വരാണ് (മത്താ 18,18; റോമാ 15,16; വെളി 5,9.10). ഇവർ ക്രിസ്തുവിന്റെ വക്താക്കളാണെന്നു മാത്രമല്ല, ക്രിസ്തുവിന്റെ ദൗത്യം തുടരുന്നവരുമാണ്.

**6,4: ദൈവത്തിന്റെ ശുശ്രൂഷകരാണെന്ന്:** 'ദിയാക്കോണോസ്' എന്ന ഗ്രീക്കുപദത്തിന് 'ശുശ്രൂഷകൻ', 'ദാസൻ' എന്നെല്ലാം അർഥങ്ങളുണ്ട് (11,23; 1 കോറി 3,5). **സഹനശീലത്തിൽ:** 'ഹ്യുപ്പോമൊനേ' എന്നത് തുടർന്നു വിവരിക്കുന്ന വേദനാജനകമായ ഒൻപത് അനുഭവങ്ങളുടെ ഒരു തലക്കെട്ടായി കരുതാം.

**6,8-10:** പൗലോസിനെതിരായ ഏഴ് ആരോപണങ്ങളാണിവിടെ. തന്നെ എതിർക്കുന്നവർ തന്റെ ബാഹ്യമായ ക്ലേശങ്ങൾ മാത്രമാണ് കാണുന്നതെന്നും അതിന്റെ പിന്നിലെ ആത്മീയമായ കേവലയാഥാർഥ്യവും സന്തോഷവും തിരിച്ചറിയുന്നില്ലെന്നും അപ്പസ്തോലൻ വസ്തുതകൾ നിരത്തി സ്ഥാപിക്കുന്നു. പൗലോസ് സഹനങ്ങൾ വിവരിക്കുന്നത് തന്റെ ശുശ്രൂഷയുടെ ആധികാരികത വ്യക്തമാക്കാനാണ്.

**6,12: നിങ്ങളുടെ ഉള്ളിൽത്തന്നെയാണു ഞെരുങ്ങുന്നത്:** അപ്പസ്തോലനും സഭാസമൂഹവും തമ്മിൽ ഉടലെടുത്ത ഭിന്നതയുടെയും അവിശ്വാസത്തിന്റെയും ഉത്തരവാദിത്വം അവർക്കുതന്നെയാണെന്ന് വ്യക്തമാക്കുന്നു. കോറിന്തോസുകാർതന്നെയാണ് പൗലോസിന്റെ അപ്പസ്തോലികാധികാരം ചോദ്യംചെയ്തതും വ്യാജ അപ്പസ്തോലന്മാരെ സ്വീകരിച്ചതും. ഇവിടെ 'ഉള്ളിൽ' എന്നതിന് ഉപയോഗിച്ചിരിക്കുന്ന 'സ്പ്ലാങ്നോൻ' എന്ന ഗ്രീക്കുപദം വികാരങ്ങളുടെ കേന്ദ്രമായ ആന്തരിക അവയവങ്ങളെയാണ് സൂചിപ്പിക്കുന്നത്. തീക്ഷ്ണമായ വികാരങ്ങളാണ് ഇത് പ്രകടിപ്പിക്കുന്നത് (ഫിലി 1,8; 2,1; ഫിലെ 12.20).

**6,14: അവിശ്വാസികളുമായി കൂട്ടുചേരരുത്:** ഒരു നുകത്തിന്റെ കീഴിൽ രണ്ടു വർഗത്തിൽപ്പെട്ട മൃഗങ്ങളെ ഒന്നിച്ചുകെട്ടരുത് (cf. നിയ 22,10) എന്ന പഴയനിയമ പ്രതീകമാണ് ഇവിടെ അടിസ്ഥാനം. വിശ്വാസികളല്ലാത്തവരുമായി ഒരു സമ്പർക്കവും അരുത് എന്നല്ല (1 കോറി 5,9-13), വിശ്വാസത്തിനു ഹാനികരമാകുന്ന ബന്ധങ്ങളിൽനിന്ന് അകലണം എന്നാണർഥം. വിജാതീയാരാധനകളോ വിരുന്നുകളോ ആകാം ഇവിടെ ഉദ്ദേശിക്കുന്നത്.

**6,15: ബെലിയാലുമായി:** വിലകെട്ടത് എന്നർഥമുള്ള ഈ ഹീബ്രുപദം 'സാത്താൻ' എന്നതിന് ഉപയോഗിച്ചിരുന്നു. അന്നാളുകളിലെ യഹൂദരചനകളിൽ 'ബലിയാർ' എന്നു സാധാരണ കാണുന്ന പദം പുതിയനിയമത്തിൽ ഇവിടെ മാത്രമേയുള്ളൂ. ബെലിയാൽ എന്നതുകൊണ്ട് തിൻമയുടെ മൂർത്തീഭാവമോ അവസാനനാളുകളിലെ ക്രിസ്തുവൈരിയോ ആകാം വിവക്ഷിക്കുന്നത്.

**6,16: ജീവിക്കുന്ന ദൈവത്തിന്റെ ആലയമാണ്:** ഇസ്രായേലിന്റെ ജീവിക്കുന്ന ദൈവവും വിജാതീയരുടെ നിർജീവമായ വിഗ്രഹങ്ങളുമെന്ന ആശയം പൗലോസ് പഴയനിയമത്തിൽനിന്ന് എടുക്കുന്നു (റോമാ 9,26; 2 കോറി 3,3; 1 തെസ്സ 1,9; 1 തിമോ 3,5; 4,10). മനുഷ്യഹൃദയത്തിലും തന്റെ ജനത്തിനിടയ്ക്കുമുള്ള ദൈവത്തിന്റെ സാന്നിധ്യം അവരെ ജീവിക്കുന്ന വിശുദ്ധസ്ഥലമാക്കി മാറ്റുന്നു (1 കോറി 6,16-20; 3,16.17).

**6,18: ഞാൻ നിങ്ങൾക്കു പിതാവും:** വിജാതീയവഴികൾ ഉപേക്ഷിക്കുമ്പോൾ കോറിന്തോസുകാർ ദൈവത്തിന്റെ മക്കളായിത്തീരും എന്നാണ് വാഗ്ദാനം. **സർവശക്തനായ:** 'പാന്തോക്രാത്തോർ' എന്ന പദം പുതിയനിയമത്തിൽ ഇവിടെയും വെളിപാടുഗ്രന്ഥത്തിൽ ഒൻപതു പ്രാവശ്യവും മാത്രമാണ് കാണപ്പെടുന്നത്.